**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2448** **12-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പ് ഉദ്യോഗസ്ഥമേഖലാ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥ, അഴിമതി, മറ്റ് വീഴ്ചകൾ എന്നിവ കാലാകാലങ്ങളായി സംഭവിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഒറ്റപ്പെട്ട ചില പരാതികൾ ഒഴികെ വ്യാപകമായ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആലുവ താലൂക്ക് കീഴ്മാട് പഞ്ചായത്ത് എളവള്ളിയിൽ വാസുദേവൻ സമർപ്പിച്ച ഒരു പരാതി നിലവിലുണ്ട്. പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ അന്വേഷണ ഉദ്യോഗസ്ഥനായി വ്യവസായ വാണിജ്യ ഡയറക്ടർ നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അതാത് ഓഫീസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പിന്റെ ഓൺ ലൈൻ പോർട്ടൽ 'വ്യവസായ ജാലകം' വഴി ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികളും, CMO Portal, Meet the Minister പോലുള്ള പരാതി പരിഹാര വേദികളിൽ വരുന്ന ഇതുമായി ബന്ധപ്പെട്ട പരാതികളും പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിച്ച് സമയബന്ധിതമായി തീർപ്പ് കല്പിച്ച് വരുന്നു. |
| (ബി) | ഇത്തരത്തിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട എത്ര പരാതികൾ വ്യവസായികൾ, വ്യവസായം തുടങ്ങാനായി എത്തിയവർ എന്നിവരിൽ നിന്നും ഈ സർക്കാരിന് ലഭിച്ചുവെന്നും ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | (ബി) | ഒറ്റപ്പെട്ട ചില പരാതികൾ ഒഴികെ വ്യാപകമായ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആലുവ താലൂക്ക് കീഴ്മാട് പഞ്ചായത്ത് എളവള്ളിയിൽ വാസുദേവൻ സമർപ്പിച്ച ഒരു പരാതി നിലവിലുണ്ട്. പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ അന്വേഷണ ഉദ്യോഗസ്ഥനായി വ്യവസായ വാണിജ്യ ഡയറക്ടർ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അതാത് ഓഫീസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായ വകുപ്പിന്റെ ഓൺ ലൈൻ പോർട്ടൽ 'വ്യവസായ ജാലകം' വഴി ലഭിക്കുന്ന ഇത്തരത്തിലുള്ള പരാതികളും, CMO Portal, Meet the Minister പോലുള്ള പരാതി പരിഹാര വേദികളിൽ വരുന്ന ഇതുമായി ബന്ധപ്പെട്ട പരാതികളും പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിച്ച് സമയബന്ധിതമായി തീർപ്പു കല്പിച്ചു വരുന്നു. |
| (സി) | വ്യവസായ മേഖലയെ തകർക്കുന്നതും സർക്കാരിനുപേരുദോഷം വരുത്തുന്നതുമായി പ്രസ്തുത ഉദ്യോഗസ്ഥമേഖലാ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സമയ ബന്ധിതമായി നടപ്പാക്കാനും ഈ സർക്കാർ സ്വീകരിയ്ക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ വീഴ്ചകൾ നിയന്ത്രിക്കാനും സർക്കാർ പെരുമാറ്റ ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കുറ്റക്കാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി ശിക്ഷാനടപടികൾ സമയബന്ധിതമായി നടപ്പാക്കാനും വ്യവസായ വാണിജ്യഡയറക്ടറേറ്റിൽ ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംരംഭകർക്ക് ഉദ്യോഗസ്ഥ തലത്തിൽ നിന്നും ഉണ്ടാകുന്ന തടസ്സങ്ങളും സേവനത്തെ പറ്റിയുള്ള പരാതികളും പരിഗണിക്കുന്നതിനും അവ സമയ ബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ജില്ലാ/ സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ